DESPATCHED
On... 02/06/2020

4/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.-in

## ഹർജി നമ്പർ A.P. No.382(6)/2017/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.1619/എസ്.ഐ.സി–ജി 5/2017)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. എൻ.രാമചന്ദ്രൻ
ആര്യഞ്ചേരി മഠം,
വെസ്റ്റ് കടുങ്ങല്ലൂർ
ആലുവ– 683110
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ആലുവ നഗരസഭ കാര്യാലയം
ആലുവ–683 101

2. അപ്പീൽ അധികാരി & എക്സി.എഞ്ചിനീയർ
ആലുവ നഗരസഭ, ആലുവ–683 101

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03.09.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21.11.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.12.2016 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30.01.2017 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 02.02.2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.03.2017 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | |

ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എൻ.രാമചന്ദ്രൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ രണ്ടു മാസവും 20 ദിവസവും കഴിഞ്ഞിട്ടും ഒന്നാം എതിർകക്ഷി യാതൊരു വിവരവും നൽകിയില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും മേൽപ്പടി അപ്പീൽ തീർപ്പാക്കൽ ഉത്തരവു പ്രകാരമാണ് ടിയാന്റെ അപേക്ഷയിന്മേൽ മറുപടി ലഭിച്ചതെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഒന്നാം എതിർകക്ഷിക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, എറണാകുളം ജില്ലാ കളക്ടർക്കു സമർപ്പിച്ച Q. 4994-ാം നമ്പർ പരാതി (നടപ്പാത കൈയേറിയതു സംബന്ധിച്ച്) കളക്ടറുടെ നിർദ്ദേശ പ്രകാരം ആലുവ നഗരസഭ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നുവെന്നും ആയതിന്മേൽ എന്തു തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുമാണ്.

3. ഹർജിക്കാരൻ, രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, അപേക്ഷ സമർപ്പിച്ച് 80 ദിവസങ്ങൾ കഴിഞ്ഞിട്ടും ഒന്നാം എതിർകക്ഷി നാളിതുവരെ യാതൊരു വിവരവും മറുപടിയും നൽകിയിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളുടെ പകർപ്പ് നൽകി അപ്പീൽ തീർപ്പാക്കുന്നു എന്നാണ്. ആയതു പ്രകാരം അറിയിച്ചത്, പരാമർശിത പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥലങ്ങൾ പരിശോധന നടത്തിയതിൽ നടപ്പാതയ്ക്കു മുകളിൽ പാർക്കു ചെയ്തിരുന്ന വാഹനങ്ങൾ സ്ഥിരമായി പാർക്കു ചെയ്യുന്നവ അല്ലെന്നും ഓരോ ദിവസവും വ്യത്യസ്ത നമ്പറിലുള്ള വാഹനങ്ങളാണ് കാണപ്പെട്ടതെന്നും മേൽപ്പടി ഭാഗത്തെ എല്ലാ കടയുടമകളോടും വാഹന പാർക്കിംഗ് അരുതെന്നു നിർദ്ദേശം നൽകിയിട്ടുണ്ടെന്നും Oriental Insurance, National Insurance എന്നീ ഓഫീസുകളിൽ ആവശ്യങ്ങൾക്കായി വരുന്നവരുടെ വാഹനങ്ങളാണ് അവിടെ പാർക്ക് ചെയ്യുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞതെന്നും മേൽ വിഷയത്തിൽ ട്രാഫിക് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

RIGHT TO INFORMATION

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു വിവരവും മറുപടിയും നൽകിയിരുന്നില്ലെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാ നില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ നൽകിയിട്ടുള്ളതായി കാണുന്നതിനാൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി 2020 മേയ് 4–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM